പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1708 08.06.2018-ലെ മറുപടിയ്ക്ക്

തദ്ദേശ സ്വയംഭരണ പൊതുസർവീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ബാബു | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) തദ്ദേശ സ്വയംഭരണ പൊതുസർവീസ് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി നിയമാനുസൃതമായ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് 27.12.2016 തീയതിയിലെ സ.ഉ.(കൈ) നം.198/2016/ത.സ്വ.ഭ.വ നമ്പർ പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും, കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക, കരട് വിശേഷാൽ ചട്ടത്തിൽ അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുക, ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് |

എന്ന പേരിൽ ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും മേൽപറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ടും സ.ഉ.(കൈ) നം.10/2018/ത.സ്വ.ഭ.വ തീയതി 27.01.2018 പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | തദ്ദേശ സ്വയംഭരണ പൊതുസർവീസ് എന്ന് നിലവിൽ വരുമെന്ന് വിശദമാക്കുമോ? | (ബി) | നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ പൊതു സർവീസ് നിലവിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ